**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1008**

**10.02.2016-ലെ മറുപടിയ്ക്ക്**

## ടൂറിസം മേഖലയിലെ കേന്ദ്ര പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) ടൂറിസം മേഖലയിൽ കൂടുതൽ കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും ഈ സർക്കാരിന് സാധിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;<br>(ബി) സംസ്ഥാനത്തിന് ടൂറിസം മേഖലയിൽ പുതുതായി അനുവദിച്ച കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കുമോ<br>(സി) ഇതിനായി നടപ്പ സാമ്പത്തികവർഷം എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത് ; ഇതുവരെ ഏതെല്ലാം ഇനത്തിൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കൂടുതൽ തുക അനുവദിച്ച് കിട്ടുന്നതിന് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഇക്കോ ടൂറിസം സർക്യൂട്ട് (സ്വദേശി ദർശൻ സ്കീം) എന്നിവ ഉൾക്കൊണ്ടു കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര വിനോദസഞ്ചാരമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് ബാക്കി തുക ലഭ്യമാക്കുന്നതിനും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനുമായി കേന്ദ്രവിനോദസഞ്ചാര വകുപ്പിന് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി |

എന്നീ സ്ഥലങ്ങളുടെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള, ശബരിമല Spiritual Tourism Circuit-ന് 9427 ലക്ഷം രൂപയുടെയും, ശബരിമല Spiritual Tourism Circuit-ന് (എരുമേലി-പമ്പ-സന്നിധാനം സർക്യൂട്ട്) പ്രത്യേകമായി 9988 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ